5. 62 യൂണിറ്റുകൾക്കായി 572.4 ലക്ഷം രൂപയുടെ ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട് വ്യവസായ വാണിജ്യ വകുപ്പിന് ലഭിച്ചിട്ടുണ്ട്. ഇതിൽ

3. ഇതുമായി ബന്ധപ്പെട്ട ഡാറ്റാ ഡിജിറ്റൽ രീതിയിൽ സൂക്ഷിക്കണം.

4. ഉപഭോക്താവ് സമർപ്പിച്ച അപേക്ഷയ്ക്കുള്ള മറുപടി സമയബന്ധിതമായി ഡിജിറ്റൽ രൂപത്തിൽ എത്തിച്ചുകൊടുക്കണം.

(സി) 2013 ഒക്ടോബർ 1-ന് കേന്ദ്ര വിവരസാങ്കേതിക വകുപ്പിന്റെ ഇ-ഭരണ വൈബ് പോർട്ടൽ ഔപചാരികമായി ഉദ്ഘാടനം ചെയ്തതിനെ തുടർന്ന് കേരള സംസ്ഥാന ഐ.ടി. മിഷൻ സംസ്ഥാനത്ത് ഇതിന്റെ പുരോഗതി വിലയിരുത്തുകയും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സമയബന്ധിതമായി ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് വിവരങ്ങൾ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

കെൽട്രോണിൽ ഒഴിവുള്ള തസ്തികകൾ

223 (3377) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെൽട്രോണിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കെൽട്രോണിന് പുറമെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനത്തിലും നിലവിൽ എത്ര പേർ വീതമാണ് കണ്ടിജന്റ് ജീവനക്കാരായി സ്ഥാപനത്തിലും ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെൽട്രോണിൽ നിലവിൽ 263 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഉണ്ട്. ഇതിൽ 127 ഒഴിവുകളിലേക്കുള്ള അപേക്ഷകൾ 24-11-2014-ൽ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ പുരോഗതിയിലാണ്. ബാക്കി 136 ഒഴിവുകളിലേക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly